# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2048

08.12.2014 -ലെ മറുപടിക്ക്

## മുഖം മൂടി ധരിച്ച് ആക്രമിച്ച് പരുക്കേൽപ്പിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) 2013 നവംബർ മാസത്തിൽ ചെമ്മനാട് വില്ലേജ് അരമങ്ങാനം ഉല്ലജി സ്വദേശി കമലാക്ഷ എച്ച്. എസ്. എന്ന വ്യക്തിയെ ഫോണിൽ വിളിച്ച് വരുത്തി കോളിയടുക്കം ശിവപുരം ക്ഷേത്രത്തിനു സമീപം മുഖംമൂടി ധരിച്ച് ആക്രമിച്ച് പരുക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; ഇതുവരെ ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (ബി) ഉണ്ട്. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 698/2013 u/s 143, 147, 148, 341, 324, 308 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) പ്രസ്തുത കേസ് ആദ്യം അന്വേഷിച്ചത് ആരായിരുന്നു; ഈ അന്വേഷണ സംഘത്തെ പ്രതികളെ പിടികൂടുന്ന ഘട്ടത്തിലെത്തിയപ്പോൾ മാറ്റുന്ന നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) വിദ്യാനഗർ അഡീഷണൽ പോലീസ് സബ് ഇൻസ്പെക്ടർ ആണ് ഈ കേസ് അന്വേഷിച്ചുവരുന്നത്. അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയിട്ടില്ല. |
| (ഡി) മേൽ സംഭത്തിൽ ഇതുവരെ പ്രതികളെ പിടികൂടാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ? | (ഡി) ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ